I/62452/2023

LSGD

**തദ്ദേശസ്വയംഭരണ (അർബൻ) ഡയറക്ടറുടെ ഉത്തരവ് നടപടികൾ**

**(ഹാജർ : അലക്സ് വർഗ്ഗീസ് ഐ എ എസ്.)**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - വർഷത്തിൽ 100 തൊഴിൽ ദിനത്തിൽ കുറയാതെ തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് പ്രത്യേക പാരിതോഷികമായി 1000/-രൂപ വീതം അനുവദിക്കുന്നത്- നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ. LSGD/PD/26308/2023-DPLD3 തീയതി:24-08-2023

പരാമർശം: സർക്കാരിന്റെ 22/08//2023 ലെ സ.ഉ (സാധാ) നം. 1704/2023 തസ്വഭവ നം. ഉത്തരവ്.

**ഉത്തരവ്**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2022-23 സാമ്പത്തിക വർഷത്തിൽ 100 തൊഴിൽ ദിനത്തിൽ കുറയാതെ തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് പ്രത്യേക പാരിതോഷികമായി 1000/-രൂപ വീതം അനുവദിച്ച് പരാമർശ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

100 ദിവസം തൊഴിൽ പൂർത്തിയാക്കിയ തൊഴിലാളികളുടെ മസ്റ്റർറോൾ വിവരങ്ങളും മറ്റ് രേഖകളും പരിശോധിച്ച് അർഹരായവർക്ക് 1000/- രൂപ (ആയിരം രൂപ മാത്രം) പ്രത്യേക പാരിതോഷികമായി ആഗസ്റ്റ് 25-നകം നഗരസഭ സെക്രട്ടറിമാർ അയ്യങ്കാളി നഗര തൊഴിലുറപ്പ് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകേണ്ടതാണ്. തൊഴിലാളികൾ 100 ദിവസത്തിൽ കുറയാത്ത തൊഴിൽ പൂർത്തിയാക്കിയിട്ടുണ്ടെന്ന് രേഖകൾ പരിശോധിച്ച് നഗരസഭ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

ഇപ്രകാരം പ്രത്യേക പാരിതോഷികം അനുവദിച്ചുനൽകുന്ന തൊഴിലാളികളുടെ പേരുവിവരങ്ങളും അനുബന്ധ രേഖകളും സെപ്റ്റംബർ 05 - നകം ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ നഗരസഭ സെക്രട്ടറിമാർ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണ്. ജില്ലാ ജോയിന്റ് ഡയറക്ടർമാർ രേഖകൾ പരിശോധിച്ച് പ്രത്യേകം പാരിതോഷികം ലഭിച്ച തൊഴിലാളികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സെപ്റ്റംബർ 12 - നകം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടേറ്റിലേക്ക് അയച്ചു നൽകേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽദിനങ്ങൾ പൂർത്തിയായവർക്ക് മാത്രമാണ് പ്രത്യേക ധനസഹായം അനുവദിക്കേണ്ടത്. അർഹതയുള്ളവർക്ക് മാത്രം ധനസഹായം അനുവദിച്ച് നൽകുന്നതിന് നഗരസഭ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ യാതൊരു വിധ വീഴ്ചയും വരുത്തുവാൻ പാടില്ലാത്തതാണ്.

അർഹതപ്പെട്ട എല്ലാ തൊഴിലാളികൾക്കും പ്രത്യേക ധനസഹായം 2023 ആഗസ്റ്റ് 25- ന് മുൻപായി

വിതരണം ചെയ്യേണ്ടതാണ്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫണ്ട്, പ്രത്യേക പാരിതോഷിക വിതരണത്തിന് അവശേഷിക്കുന്നില്ലെങ്കിൽ നഗരസഭകളുടെ തനത് ഫണ്ട് ഈ ആവശ്യത്തിനു വേണ്ടി ഉപയോഗിക്കാവുന്നതും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് റീച്ചുപ്പ് ചെയ്യാവുന്നതുമാണ്.

മേൽ നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ജില്ലാ ജോയിന്റ് ഡയറക്ടർമാരും നഗരസഭ സെക്രട്ടറിമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**Alex Varghese IAS**
**DIRECTOR (URBAN)**

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. എല്ലാ നഗരസഭ സെക്രട്ടറിമാർക്കും
3. സെക്ഷൻ സൂപ്രണ്ട്
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ആജ്ഞാനുസരണം/അയക്കുന്നത്
സൂപ്രണ്ട്